## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 24 .11.2022 മുതൽ 28.12.2022 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 51/2022,(102) വെള്ളിയാഴ്ച | തീയ്യതി 23/12/2022 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 24.12.2022 | 25.12.2022 | 26.12.2022 | 27.12.2022 | 28.12.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0.1 | 0.5 | 2 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 24 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 3 | 4 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 50 | 70 | 20 | 20 | 20 |
| മേഘ വ്യാപ്തി (ഒക്ടാ ) | 3 | 4 | 5 | 7 | 6 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ വളരെ നേരിയ തോതിൽ മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴയ്ക്ക് സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ഡിസംബർ 24 | 2022 ഡിസംബർ 25 | 2022 ഡിസംബർ 26 | 2022 ഡിസംബർ 27 | 2022 ഡിസംബർ 28 |
|---|---|---|---|---|
| മഴ ഇല്ല | മഴ ഇല്ല | വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ |

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ:കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാൻ സാധ്യതയുള്ളതിനാൽ വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (മുണ്ടകൻ) | ബാക്ടീരിയൽ ഇല കരിച്ചിൽ | 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണസും ചേർത്തു കലക്കി തളിക്കാവുന്നതാണ്. |
| പാവൽ | മൃദുരോമ പൂപ്പൽ | ഉണങ്ങിയതും രോഗബാധയേറ്റതുമായ ഇലകളും വള്ളികളും മുറിച്ചു മാറ്റി നശിപ്പിച്ചതിന് ശേഷം മാങ്കോസെബ് എന്ന കുമിൾ നാശിനി 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| ശീതകാല പച്ചക്കറികൾ | പരിചരണം | പറിച്ച് നട്ട് 40 ദിവസങ്ങൾക്ക് ശേഷം ഒരു സെന്റിന് 650 ഗ്രാം യൂറിയ, 400 ഗ്രാം പൊട്ടാഷ് എന്നിവ ഗഡു വളം ആയി നൽകുക |
| വൃക്ഷ വിളകൾ | പിങ്ക് രോഗം | ഹെക്സകൊണസോൾ 5 ഇ.സി. 2 മി.ലി. ഒരു ലി. വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. മഴ മാറിയ ശേഷം രോഗ ബാധിതമായ ഭാഗങ്ങൾ മുറിച്ചു മാറ്റിയ ശേഷം മുറിവിൽ 10 % ബോർഡോ മിശ്രിതം അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് (10 ഗ്രാം./ലി.) തേച്ചു കൊടുക്കുക. |

ശൈത്യകാല സംരക്ഷണം മുട്ടക്കോഴികളിൽ:-വൈറസ് / ബാക്ടീരിയ രോഗങ്ങൾക്കെതിരെ വാക്സിനേഷൻ/ ആൻറിബയോട്ടിക് നൽകുക. തീറ്റ ഫംഗൽ ബാധ ഏൽക്കാതെ സൂക്ഷിക്കുക. ശൈത്യകാലത്ത് മുട്ടയുൽപ്പാദനം കുറയാതിരിക്കാൻ കൂട്ടിനുള്ളിൽ 16 മണിക്കൂർ വരെ ബൾബ് വെളിച്ചം നൽകുക.